LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനുംവേണ്ടി 2012 സെപ്റ്റംബർ 12 മുതൽ 14 വരെ സർക്കാർ എമർജിംഗ് കേരള സംഗമം കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിരുന്നു. എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. 2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചു വരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയും കൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്. യുവ വിദ്യാർത്ഥി സംരംഭകർക്കായി 2014 സെപ്റ്റംബർ 12-ന് സംഘടിപ്പിച്ച യുവ സംരംഭകത്വ സംഗമവും 2015 സെപ്റ്റംബർ 12-ന് സംഘടിപ്പിച്ച യെസ് ക്യാമ്പും നിക്ഷേപ സമാഹരണ പദ്ധതികളായിരുന്നില്ല. പ്രസ്തുത സംഗമങ്ങൾ വിദ്യാർത്ഥി യുവസംരംഭകരിൽ സംരംഭകത്വ അവബോധം വളർത്തുക, അവരുടെ നൂതന ആശയങ്ങളുടെ സാക്ഷാത്ക്കാരത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, തുടങ്ങിയ ഉദ്ദേശ്യങ്ങളോടുകൂടിയാണ് സംഘടിപ്പിച്ചത്.

**യുവ സംരംഭക സംഗമങ്ങൾ**

144(2345) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ.എസ്.ബിജിമോൾ :
ശ്രീ. വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ എത്ര തവണ യുവസംരംഭക സംഗമങ്ങൾ സംഘടിപ്പിച്ചു ;

(ബി) പ്രസ്തുത സംഗമത്തിൽ പങ്കെടുത്ത എത്ര പേർ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് ;

(സി) പുതിയ യുവസംരംഭകർക്ക് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) യുവ വിദ്യാർത്ഥി സംരംഭകർക്കായി 2014 സെപ്റ്റംബർ 12 -ന് യുസംരംഭകത്വ സംഗമവും 2015 സെപ്റ്റംബർ 12-ന് യെസ് ക്യാൻ സംഗമവും സംഘടിപ്പിച്ചു. പ്രസ്തുത രണ്ട് സംഗമങ്ങളും വിദ്യാർത്ഥി യുവസംരംഭകരിൽ സംരംഭകത്വ അവബോധം വളർത്തുക, അവരുടെ നൂതന ആശയങ്ങളുടെ സാക്ഷാത്ക്കാരത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടുകൂടിയാണ് സംഘടിപ്പിച്ചത്.

(ബി&സി) നൂതന സംരംഭകത്വ ആശയങ്ങളുമായി ഏകദേശം നാലായിരത്തോളം വിദ്യാർത്ഥി യുവസംരംഭകർ 2014-ൽ നടന്ന യുവ സംരംഭകത്വ സംഗമത്തിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട 1500-ഓളം വിദ്യാർത്ഥി യുവസംരംഭകർ 2015-ൽ നടന്ന യെസ് ക്യാനിലും പങ്കെടുക്കുകയുണ്ടായി. സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിലേക്കായി കെ.എസ്.ഐ.ഡി.സി.യിൽ ലഭിച്ച നൂതന ആശയങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 18 യുവസംരംഭകർക്ക് കെ.എസ്.ഐ.ഡി.സി.യിൽനിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിയിലുള്ള കെ.എസ്.ഐ.ഡി.സി.യുടെ ഇൻകുബേഷൻ സെന്ററിൽ 15 യുവസംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവയ്ക്ക് പുറമെ കെ.എസ്. ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ വിവിധ കോളേജുകളിൽ ആരംഭിച്ചിട്ടുള്ള ഇൻകുബേഷൻ സെന്ററുകളിലും കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിലുള്ള ഇൻകുബേഷൻ സെന്ററുകളിലും യുവസംരംഭകരുടെ സംരംഭങ്ങൾ പ്രവർത്തിച്ചു വരികയാണ്. യുവസംരംഭക സംഗമത്തിൽ പങ്കെടുത്ത യുവസംരംഭകർ മുന്നോട്ടുവച്ച അടിസ്ഥാന ആവശ്യങ്ങൾ ഇൻക്യുബേഷൻ സ്പേസ്, മെന്ററിംഗ്, ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം, സാമ്പത്തിക സഹായം എന്നിവയാണ് മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

സാമ്പത്തിക സഹായം

യുവസംരംഭകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.യിൽ ഒരു സീഡ് ഫണ്ടിങ് സ്കീം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി/യുവസംരംഭകരിൽ നിന്നും സമാഹരിച്ച തിരഞ്ഞെടുക്കപ്പെട്ട പതിനഞ്ചോളം ആശയങ്ങൾക്ക് ഇതിനോടകം സാമ്പത്തിക സഹായം ലഭ്യമാക്കിക്കഴിഞ്ഞു. കൂടുതൽ വിദ്യാർത്ഥി/യുവസംരംഭകരുടെ നൂതന ആശയങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മെന്ററിംഗ്

ആവശ്യമായ മെന്ററിംഗ് നൽകുന്നതിലേയ്ക്കായി കെ.എസ്. ഐ.ഡി.സി., ടൈ, സി.ഐ.ഐ. എന്നീ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഒട്ടാകെയുള്ള എഞ്ചിനീയറിംഗ് ഇതര കോളേജ് വിദ്യാർത്ഥികളിൽ സംരംഭകത്വ ആഭിമുഖ്യം വളർത്തി എടുക്കുന്നതിനായി ശില്പശാലകളും സെമിനാറുകളും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി കൊല്ലം ടി.കെ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് എൻ.ഐ.റ്റി, എറണാകുളം രാജഗിരി ബിസിനസ് സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലാസുകൾ സംഘടിപ്പിക്കുകയുണ്ടായി. കേരള പോലീസുമായി സഹകരിച്ച് തിരഞ്ഞെടുക്കപ്പെട്ട സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് സംരംഭകത്വത്തിൽ അവബോധവും പരിശീലനവും നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

ഇൻക്യുബേഷൻ സ്പേസ്/സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ യുവസംരംഭകർക്കായി എറണാകുളം ജില്ലയിൽ കെ.എസ്. ഐ.ഡി.സി.യുടെ ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ എരുമേലി എം.ഇ.എസ്. കോളേജിൽ ഒരു സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ സ്ഥാപിക്കുകയുണ്ടായി. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ്, കൊല്ലം ടി.കെ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്നിവിടങ്ങളിൽ കെ.എസ്.ഐ.ഡി.സി.യുടെ സഹകരണത്തോടു കൂടി നിർമ്മിച്ച ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇൻകുബേഷൻ സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യിൽ നിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.റ്റി. വിഭാഗത്തിൽപ്പെട്ട കോളേജുകൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുകൂടാതെ രാജ്യത്തെ തന്നെ സംരംഭകത്വ വികസന രംഗത്ത് പ്രഗൽഭരായ ഇന്ത്യൻ ഏയ്ഞ്ചൽ നെറ്റ് വർക്കുമായി സഹകരിച്ച് വിദ്യാർത്ഥി യുവസംരംഭകരുടെ സംരംഭകത്വ വികസനത്തിനായുള്ള കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.